(സി) ഖാദി ഗ്രാമീണ വ്യവസായങ്ങൾ, പ്ലാന്റേഷൻ മേഖലകളിലെ തൊഴിലാളികൾ എന്നിവർക്ക് മൈത്രീ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ചില ആനുകൂല്യങ്ങൾ നൽകി ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ നെയ്ത്തു തൊഴിലാളികൾക്ക് പണിശാലയോടുകൂടിയ വീട് നിർമ്മിക്കുന്നതിനുള്ള സഹായപദ്ധതി നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് ഡയറക്ടറേറ്റ് വഴി സർക്കാർ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു.

(ഡി) മൈത്രീ ഭവന പദ്ധതി പ്രകാരം 9000 രൂപ സർക്കാർ ധനസഹായമായും 19,000 രൂപ വായ്പയും ഉൾപ്പെടെ 28,000 രൂപയാണ് വായ്പയായി അനുവദിക്കുന്നത്. 12,500 രൂപ കരുതൽ ധനമായി ബോർഡിൽ നിക്ഷേപിച്ചാൽ 28,000 രൂപ ബോർഡ് അനുവദിക്കുന്നതും തിരിച്ചടവിൽ നിന്നും ഗുണഭോക്താവിനെ ഒഴിവാക്കുന്നതും ആണ്. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയിൽ നാഷണൽ ഫിഷർമെൻ വെൽഫെയർ ഫണ്ട് വിഹിതവും പത്താം ധനകാര്യ കമ്മീഷൻ വിഹിതവും സംസ്ഥാന ഗ്രാന്റും ഉപയോഗിച്ച് ഭവനം നിർമ്മിക്കുന്നതിന് 35,000 രൂപ ഗ്രാന്റായി നൽകുന്ന പദ്ധതി നിലവിൽ ഉണ്ട്.

(ഇ) സർക്കാർ ജീവനക്കാരുടെ താമസ സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എല്ലാ വിഭാഗത്തിലെയും സർക്കാർ ഉദ്യോഗസ്ഥർക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1544) പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

ശ്രീ. എ. കണാരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രത്യേക ഘടകപദ്ധതി ഗിരിവർഗ്ഗ ഉപ പദ്ധതി എന്നിവ സംബന്ധിച്ച് എന്തെല്ലാം സ്കീമുകളാണ് നടപ്പിലാക്കുന്നതെന്ന് പറയുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രത്യേക ഘടക പദ്ധതി ഗിരിവർഗ്ഗ ഉപപദ്ധതി എന്നിവയുടെ കീഴിൽ നീക്കിവെച്ചിട്ടുള്ള തുക പാഴായിപോകുന്നത് തടയാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) തുക പാഴായിപോകുന്നത് പരിഹരിക്കാൻ വകമാറ്റി ചെലവാക്കാൻ അനുവദിക്കുമോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുക, സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികൾ, പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കുക, ആരോഗ്യപരിപാലനം, തൊഴിലും പുനരധിവാസവും, പട്ടികജാതി - പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡ്, വൈദ്യുതി കുടിവെള്ളം തുടങ്ങിയവ ലഭ്യമാക്കുക, ടി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ എന്നീ പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്.

(ബി) പട്ടികവർഗ്ഗക്കാർക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുക, യുവാക്കൾക്ക് തൊഴിൽ പരിശീലനം, സാമൂഹ്യ സാമ്പത്തിക വികസന പരിപാടികൾ, ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുക, ആരോഗ്യപരിപാലനം, കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ വിവിധ വകുപ്പുകൾ മുഖേനയും ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെയും നടപ്പിലാക്കിവരുന്നു.

(സി) ആസൂത്രണസാമ്പത്തിക കാര്യവകുപ്പിൽ പ്രത്യേക ഘടക പദ്ധതിയുടെയും ഗിരിവർഗ്ഗ ഉപപദ്ധതിയുടെയും പുരോഗതി മോണിറ്റർ ചെയ്യുകയും രണ്ടുമാസത്തിലൊരിക്കൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്തും തുക പൂർണ്ണമായി ചെലവഴിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

(ഡി) അനുവദിക്കുന്നുണ്ട്.

(ഇ) പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി എന്നീ പദ്ധതികളിലേക്ക് നീക്കി വയ്ക്കുന്ന തുക പട്ടികജാതി വികസന വകുപ്പിന്റേയും പട്ടികവർഗ്ഗവികസന വകുപ്പിന്റേയും ബഡ്ജറ്റിൽപ്പെടുത്തി ഓരോ സെക്ടറുകളിലും ആവശ്യമായ തുക ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ " പൂളിംഗ് ഓഫ് ഫണ്ട്" എന്ന സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഒരു, സെക്ടറിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ സാദ്ധ്യമല്ലെന്ന് കണ്ടാൽ അത് മാറ്റി ആവശ്യമുള്ള മറ്റു സെക്ടറുകൾക്കു നൽകാൻ വകുപ്പു സെക്രട്ടറിക്ക് അധികാരമുണ്ട്.

2 (1545) അംബേദ്കർ ഗ്രാമങ്ങൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംബേദ്കർ ഗ്രാമങ്ങളായി പ്രഖ്യാപിച്ച എത്ര ഹരിജൻ കോളനികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അംബേദ്കർ ഗ്രാമങ്ങളിൽ ഏതെല്ലാം പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പു സാമ്പത്തികവർഷം ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) അംബേദ്കർ ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 175 പട്ടികജാതി കോളനികൾ അംബേദ്കർ ഗ്രാമങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly